## 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 940** **12-06-2024 - ൽ മറുപടിയ്ക്ക്**

## പരിസ്ഥിതിക്ക് ദോഷകരമായ വൃക്ഷങ്ങളും അധിനിവേശ സസ്യങ്ങളും ഒഴിവാക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പരിസ്ഥിതിക്ക് ദോഷകരമായ വൃക്ഷങ്ങളും അധിനിവേശ സസ്യങ്ങളും ഒഴിവാക്കി സ്വാഭാവികമായ വനമേഖല സൃഷ്ടിക്കുന്നതിലേക്കായി പകരം വച്ചു പിടിപ്പിക്കേണ്ട മരങ്ങൾ ഏതൊക്കെയെന്ന വിഷയത്തിൽ വനം വകുപ്പ് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ; ആയതിന് കാലതാമസം നേരിടുന്നതിന്റെ സാഹചര്യം വെളിപ്പെടുത്താമോ; | (എ) | കേരളത്തിലെ സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനത്തിന് ഒരു നയരേഖ അംഗീകരിച്ചു കൊണ്ട് 17-12-2021 ലെ സർക്കാർ ഉത്തരവ് (കൈ) നം.29/2021/വനം പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.<br>ഓരോ പ്രദേശത്തിന്റെയും സവിശേഷതകൾക്കനുസരിച്ച് ചെമ്മണ്ണ്, വെട്ടുകല്ല് തുടങ്ങിയവയുള്ള പ്രദേശങ്ങളിൽ ഇരുൾ, കരിമരുത്, മാവ്, പ്ലാവ്, ഞാവൽ,കാഞ്ഞിരം, അത്തി, ആൽ തുടങ്ങിയ മരങ്ങളും എക്കൽ നിറഞ്ഞ സമുദ്രതീരങ്ങളിൽ പൂവരശ്, വാക, വേലിപ്പരുത്തി, കുടംപുളി തുടങ്ങിയ പുഴ-നദി തീരങ്ങളിൽ മുള, ഈറ്റ,നാങ്ക്, വെൺകട്ട, വെട്ടി, പുന്ന, കാര, അമ്പഴം,വെൺതേക്ക്, കിളിമരം, അത്തി, പൂവം,ആറ്റുവഞ്ചി തുടങ്ങിയ മരങ്ങളും സമതല പ്രദേശങ്ങളിൽ അശോകം, ആര്യവേപ്പ്, കുടംപുളി, പതിമുഖം, മന്ദാരം, കണിക്കൊന്ന,മുള, അയണി, ചരൽപ്പഴം, എബണി, കുടപ്പന,കിളിനാങ്ക് തുടങ്ങിയവയും വെള്ളക്കെട്ടുള്ള താഴ്ന്ന പ്രദേശങ്ങളിൽ നീർമരുത്, ഉങ്ങ്, ചോലവേങ്ങ, ഞാവൽ, പമ്പരകുമ്പിൾ, കടമ്പ് തുടങ്ങിയവയും ഉയരം കൂടിയ പ്രദേശങ്ങളിൽ മഴകാഞ്ഞിരം, ഈട്ടി, കുളമാവ്, വാലി,മരോട്ടി, വയണ, ചോലപ്പൂവം, പുശിപ്പഴം,വലിയവെള്ളപ്പൈൻ, ചെങ്കുറിഞ്ഞി,എണ്ണപ്പയിൻ, കുന്തിരിക്കം, നിറമ്പൊലി,കൊണ്ടപ്പന തുടങ്ങിയവയും നട്ടുപിടിപ്പിക്കുന്നതിനാണ് നയരേഖയിൽ വിഭാവനം ചെയ്യുന്നത്. പരിസ്ഥിതിക്കും ആവാസ വ്യവസ്ഥയ്ക്കും ദോഷകരമായതും കാലിക പ്രാധാന്യം നഷ്ടപ്പെട്ടതുമായ അക്കേഷ്യ, മാഞ്ചിയം, യൂക്കാലിപ്റ്റസ് തുടങ്ങിയ വിദേശയിനം ഏകവിളത്തോട്ടങ്ങളും, പരാജിത തേക്ക് തോട്ടങ്ങളും ഉൾപ്പെടെ ഘട്ടം ഘട്ടമായി നീക്കം ചെയ്ത് തദ്ദേശീയ |

| | | | |
|---|---|---|---|
| | | | വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ച് സ്വാഭാവിക വനമാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും നയരേഖയിൽ വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ അതാത് പ്രദേശത്തിനിണങ്ങുന്ന സസ്യങ്ങൾ സ്വാഭാവിക വന പുനഃസ്ഥാപന പ്രക്രിയയിൽ ഉൾപ്പെടുത്തുന്നതിനായുള്ള വിശദമായ നിർദ്ദേശങ്ങൾ അതാത് വനം ഡിവിഷനുകളുടെ അംഗീകൃത വർക്കിംഗ് പ്ലാൻ, മാനേജ്മെന്റ് പ്ലാൻ, ടൈഗർ കൺസർവേഷൻ പ്ലാൻ എന്നിവയിൽ വിശദമാക്കാറുമുണ്ട്. ഈ വിഷയത്തിൽ കാലതാമസം സംഭവിച്ചിട്ടില്ല.<br>സ്വാഭാവിക വനങ്ങളുടെ പുനഃസ്ഥാപനം സംബന്ധിച്ച നയരേഖ അനുസരിച്ച് സംസ്ഥാനത്തിൽ 27000 ഹെക്ടർ സ്ഥലത്ത് ടി പദ്ധതി നടപ്പിലാക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ആയതിൽ ഏകദേശം 5031 ഹെക്ടർ സ്ഥലത്ത് നാളിതുവരെ ടി പദ്ധതി നടപ്പിലാക്കുന്നുണ്ട്.<br>പാലക്കാട് വൈൽഡ് ലൈഫ് സർക്കിളിന്റെ കീഴിലുള്ള വയനാട് വന്യജീവി ഡിവിഷനിൽ കുറിച്യാട് റെയ്ഞ്ചിൽ 238 ഹെക്ടറും,സുൽത്താൻ ബത്തേരിയിൽ 700 ഹെക്ടറും, മുത്തങ്ങ റെയ്ഞ്ചിൽ 746 ഹെക്ടറും,തോൽപ്പെട്ടി റെയ്ഞ്ചിൽ 1489 ഹെക്ടറിലും അധിനിവേശ സസ്യങ്ങളെ പിഴുതുമാറ്റുന്ന പ്രവൃത്തി നടന്നു വരുന്നുണ്ട്. സൈലന്റ് വാലി നാഷണൽ പാർക്കിൽ ഭവാനി റെയ്ഞ്ച് ൽ 51.39 ഹെക്ടർ യൂക്കാലിപ്റ്റസ് മരങ്ങൾ മുറിച്ചു മാറ്റി തദ്ദേശീയ സസ്യങ്ങൾ വച്ച് പിടിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ വകുപ്പ് തലത്തിൽ പരിശോധിച്ച് വരികയാണ്. |
| (ബി) | അധിനിവേശ സസ്യങ്ങളുടെയും മരങ്ങളുടെയും വ്യാപനത്താൽ വനമേഖലയിൽ മൃഗങ്ങൾക്ക് ആവശ്യമായ തീറ്റ ലഭിക്കാത്തത് കാരണമാണ് അവ നാട്ടിലേക്കിറങ്ങുന്നതെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ കാടിനുള്ളിൽ തന്നെ വന്യമൃഗങ്ങൾക്കാവശ്യമായ തീറ്റയും വെള്ളവും യഥേഷ്ടം ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ വനം വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | അധിനിവേശ സസ്യങ്ങളുടെയും മരങ്ങളുടെയും വ്യാപനത്താൽ വനമേഖലയിൽ മൃഗങ്ങൾക്ക് ആവശ്യമായ തീറ്റ ലഭിക്കാത്തതിനാൽ അവ നാട്ടിലേക്കിറങ്ങുന്ന സാഹചര്യം ഉള്ളതായി കണ്ടെത്തിയിട്ടില്ല. വന്യമൃഗങ്ങളുടെ ഭക്ഷ്യലഭ്യത വർദ്ധിപ്പിക്കുന്നതിനായി കാട്ടിനുള്ളിൽ തന്നെ ഫലവൃക്ഷങ്ങളും, അതോടൊപ്പം ഇക്കോ റെസ്റ്റൊറേഷന്റെ ഭാഗമായി മുള, ഈറ തുടങ്ങിയ സസ്യങ്ങളും നട്ടുപിടിപ്പിച്ച് വരുന്നുണ്ട്. കൂടാതെ വനത്തിനുള്ളിൽ ജലലഭ്യത ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി വനത്തിനുള്ളിലെ കുളങ്ങൾ, നീർച്ചാലുകൾ എന്നിവയിലെ ചെളി, മണ്ണ് എന്നിവ നീക്കം ചെയ്ത് ഉപയോഗ യോഗ്യമാക്കുന്നുണ്ട്.കൂടാതെ മണൽച്ചാക്ക്, ബ്രഷ്വുഡ് എന്നിവ ഉപയോഗിച്ച് താൽക്കാലിക തടയണകൾ നിർമ്മിച്ച് ജലലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള പ്രവർത്തികളും കാലാകാലങ്ങളിൽ നടത്തി വരുന്നു. അധിനിവേശ സസ്യങ്ങൾ നീക്കം |

| | | | |
|---|---|---|---|
| | | | ചെയ്ത്, ഫലവൃക്ഷങ്ങളും, മുളയുൾപ്പെടെയുള്ള ആഹാരത്തിന് യോഗ്യമായിട്ടുള്ള പ്രാദേശിക സസ്യങ്ങളും,വൃക്ഷങ്ങളും നട്ടുപിടിപ്പിച്ച് വന പുനഃസ്ഥാപനം ചെയ്യുന്നതിനായി ആർ.കെ.ഡി.പി, നബാർഡ് തുടങ്ങിയ പദ്ധതികളിലുൾപ്പെടുത്തി നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഇത്തരത്തിലുള്ള പ്രവൃത്തികളിൽ വി.എസ്.എസ്,ഇ.ഡി.സി.യെയും കൂടി ഉൾപ്പെടുത്തി അതാത് മേഖലകളിലെ വന്യജീവികളുടെ ഭക്ഷ്യലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ